**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3318** | **15-02-2024 - ൽ മറുപടിയ്ക്ക്**

**പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയതിന് ശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ? | (എ) | കൊല്ലം ജില്ലയിലെ ലെവൽക്രോസ് നമ്പർ 554-ൽ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം പദ്ധതി 2023-24 റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 24/11/2023-ന് സംയുക്ത പരിശോധന പൂർത്തീകരിച്ച ശേഷം റെയിൽവേയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തിരുത്തലുകൾ വരുത്തി, അടിപ്പാതയുടെ സാധ്യത റെയിൽവേയും ആർ.ബി.ഡി.സി.കെ-യും സംയുക്തമായി പരിശോധിച്ച റിപ്പോർട്ടോടു കൂടി തയ്യാറാക്കിയ ജി.എ.ഡി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ നിർമ്മാണത്തിനും സ്ഥലമേറ്റെടുപ്പിനുമായി 36.75 കോടി രൂപയുടെ അനുമതി കിഫ്ബി നൽകിയിട്ടുള്ളതാണ്. ജി.എ.ഡി-യുടെ അംഗീകാരം ലഭിച്ചാൽ ഉടനെ തന്നെ സ്ഥലമേറ്റെടുപ്പുമായി മുന്നോട്ട് പോകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ